# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.772 27-04-2017-ൽ മറുപടിക്ക്

## അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) ഉണ്ട്. 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ നിയമപ്രകാരം കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് 25-02-2011-ലെ ജി.ഒ. (എം.എസ്) നമ്പർ 29/2011/തൊഴിൽ (എസ്.ആർ.ഒ. 156/2011) പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്ക തൊഴിലാളി ക്ഷേമപദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതികളാണ് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഓഫീസ് സംവിധാനവും തസ്തികകളും അനുവദിച്ചു നൽകിയിട്ടുണ്ട്. ബോർഡിനു കീഴിൽ വരുന്ന വിവിധ ക്ഷേമപദ്ധതികൾ മുഖേനയുള്ള ആനുകൂല്യ വിതരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തൊഴിലാളികൾക്ക് യുവിൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | യുവിൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ അന്തിമ മാർഗ്ഗ നിർദ്ദേശം ലഭിക്കാത്തതിനാൽ പ്രസ്തുത കാർഡ് വിതരണം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ